"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നതവിദ്യാഭ്യാസ വകുപ്പ് - സാങ്കേതിക വിദ്യാഭ്യാസം - ജീവനക്കാര്യം - സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻ കിഴിലുള്ള പോളിടെക്നിക്കുകളിൽ ഒഴിഞ്ഞു കിടക്കുന്ന മെക്കാനിക്കൽ എഞ്ചിനീയറിംഗ് വകുപ്പ് മേധാവി തസ്തികകളെ ലക്ച്ചറർ തസ്തികകളാക്കി താൽക്കാലികമായി തരംതാഴ്ത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(കൈ) നം.150/2026/HEDN തീയതി,തിരുവനന്തപുരം, 28-02-2026

---

പരാമർശം:-

1. സ.ഉ(കൈ) നം 13./2021/ഉ.ഭ.പ. വ. തീയതി 08.06.2021
2. മെക്കാനിക്കൽ എഞ്ചിനിയറിംഗ് പോളിടെക്നിക്ക് ലക്ച്ചറർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ വിവിധ തീയതികളിൽ സമർപ്പിച്ച നിവേദനങ്ങൾ
3. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 12.11.2025-ലെ EC2 /28942 /2022-EC2 നമ്പർ കത്ത്
4. ശ്രീമതി.അഞ്ജന.പി. ഫയൽ ചെയ്ത OA No:4/2026-ന്മേൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 03.02.2026-ലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കിഴിലുള്ള പോളിടെക്നിക്ക് കോളേജുകളിൽ ഒഴിഞ്ഞു കിടക്കുന്ന മെക്കാനിക്കൽ എഞ്ചിനിയറിംഗ് വകുപ്പ് മേധാവി തസ്തികകൾ ലക്ച്ചറർ തസ്തികയായി തരംതാഴ്ത്തി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്ത് മെക്കാനിക്കൽ എഞ്ചിനിയറിംഗ് ലക്ച്ചറർ തസ്തികയുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ സർക്കാരിൽ അപേക്ഷകൾ സമർപ്പിച്ചിരുന്നു.

2. AICTE-യുടെ ഏഴാം ശമ്പള പരിഷ്കരണ റിപ്പോർട്ടിലെ യോഗ്യതാ മാനദണ്ഡങ്ങൾ പ്രകാരം വകുപ്പ് മേധാവി തസ്തികയിലേക്ക് നിയമിക്കാവുന്ന മെക്കാനിക്കൽ എൻജിനിയറിങ് ലക്ച്ചറർമാരുടെ അഭാവത്തിൽ, മെക്കാനിക്കൽ എഞ്ചിനിയറിംഗ് വിഭാഗം ലക്ച്ചറർമാരുടെ സ്ഥാനക്കയറ്റ തസ്തികയായ മെക്കാനിക്കൽ, വുഡ് & പേപ്പർ, ടൂൾ & ഡൈ എന്നീ വിഭാഗങ്ങളിലെ 20 വകുപ്പ് മേധാവി തസ്തികകൾ നിലവിൽ ഒഴിഞ്ഞു കിടക്കുകയാണെന്നും ടി സാഹചര്യത്തിൽ പ്രസ്തുത തസ്തികകൾ ലക്ച്ചറർ തസ്തികകളായി താൽക്കാലികമായി തരം താഴ്ത്തി അപ്രകാരം ഉണ്ടാകുന്ന ഒഴിവുകൾ പിഎസ്സി-യ്ക്ക് റിപ്പോർട്ട് ചെയ്യാവുന്നതും ഉദ്യോഗകയറ്റം നടക്കുന്ന മുറയ്ക്ക് ടി തസ്തികകൾ അപ്ഗ്രേഡ് ചെയ്യാവുന്നതും ആണെന്ന് പരാമർശം (3) പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം (4) പ്രകാരം ടൂൾ & ഡൈ വിഭാഗത്തിലെ രണ്ട് ലക്ച്ചറർ തസ്തികകൾ താൽക്കാലികമായി കേരള പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ടി വിഭാഗത്തിലെ വകുപ്പ് മേധാവി തസ്തികകൾ നിലവിൽ തരം താഴ്ത്താനാവില്ല. ടി സാഹചര്യത്തിൽ, പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ, മതിയായ യോഗ്യതയുടെ അഭാവത്തിൽ ഒഴിഞ്ഞു കിടക്കുന്ന 18 മെക്കാനിക്കൽ എഞ്ചിനിയറിംഗ് വകുപ്പ് മേധാവി തസ്തികകളെ ലക്ച്ചറർ തസ്തികകളായി താൽക്കാലികമായി തരംതാഴ്ത്തി അപ്രകാരം ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

4. വകുപ്പ് മേധാവി തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിന് പ്രൊമോഷന് യോഗ്യരായ ജീവനക്കാർ ഉണ്ടാകുന്ന മുറയ്ക്ക് ടി തസ്തികകളെ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

5. തരംതാഴ്ത്തുന്ന വകുപ്പ് മേധാവി തസ്തികകളിലേക്ക് നിയമനം നടക്കുന്ന മുറയ്ക്ക് ടി തസ്തികകൾ അപ്ഗ്രേഡ് ചെയ്യുന്ന ക്രമത്തിൽ മാത്രമേ ടി തസ്തികകളിൽ ലക്ച്ചറർ നിയമനം ലഭിച്ച ഉദ്യോഗാർഥികൾക്ക് സ്ഥലം മാറ്റം അനുവദിക്കേണ്ടതുള്ളൂ. ഇത് സംബന്ധിച്ച വിവരങ്ങൾ സ്പാർക്കിൽ യഥാസമയം അപ്ഡേറ്റ് ചെയ്യുന്നതിന് ആവശ്യമായ നടപടികളും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്. വകുപ്പ് മേധാവി തസ്തികകൾ അപ്ഗ്രേഡ് ചെയ്യുമ്പോഴും, ടി തസ്തികകളിൽ നിയമനം ലഭിച്ച ലക്ച്ചറർമാരുടെ നിയമനം ക്രമീകരിക്കുമ്പോഴും, സ്ഥലം മാറ്റത്തിനായി പരിഗണിക്കുമ്പോഴും, ആവശ്യമെങ്കിൽ, ലക്ച്ചറർമാരായി നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികളുടെ അഡ്വൈസ് സീനിയോറിറ്റി പരിഗണിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് എം
ജോയിന്റ് സെക്രട്ടറി

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) ,കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, കോട്ടയം.
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (08.06.202 തിയതിയിലെ സ.ഉ(കൈ) നം 13. 20217
ഉ.ഭ.പ. വ. ഉത്തരവ് പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകപ്പ്(വെബ്&ന്യൂമീഡിയ)
www.highereducation.kerala.gov.in
സ്റ്റോക്ക്ഫയൽ/ഓഫീസ് കോപ്പി.

Signed by Geetha Lekshmi. G
Date: 28-02-2026 16:39:17
ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്